## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2131 — 05.12.2018-ൽ മറുപടിക്ക്

## ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഹൈക്കോടതിക്ക് മുമ്പിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ ഏറ്റുമുട്ടൽ അന്വേഷിക്കുന്ന ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത കമ്മീഷൻ എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ഇതിനകം എത്ര മാസം പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടി നൽകുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ; | (ബി) കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ ആറ് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. നാല് പ്രാവശ്യമായി 24 മാസം കമ്മീഷന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കമ്മീഷന്റെ നിലവിലെ കാലാവധി 13.05.2019-ൽ അവസാനിക്കും. |
| (സി) പ്രസ്തുത അന്വേഷണ കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണ്; | (സി) വരുത്തിയിട്ടുണ്ട്. അഡ്വക്കേറ്റ് ജോൺസൺ മാത്യു മാനയാനിയും, കേരള ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷനും കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 40634/2017 എന്ന ഹർജിയിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 20.12.2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ മാറ്റം വരുത്തിയത്. |

| | |
|---|---|
| (ഡി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ഇതുവരെ എത്ര തുക ചെലവഴിച്ച എന്നറിയിക്കാമോ? | (ഡി) 29.11.2018 വരെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ആകെ 1,21,44,418/- രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി നാല്പത്തിനാലായിരത്തി നാന്നൂറ്റി പതിനെട്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ